ASTER DM HEALTHCARE CORPORATE TB PLEDGE - NEWS COVERAGE ON 20.09.2022



ടിബി പ്രതിജ്ഞയിൽ ഒപ്പുവച്ച് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ

കോഴിക്കോട്: രാജ്യത്ത് 2025-ഓടെ ക്ഷയരോഗം നിർമാർജനം ചെയ്യുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ച ദേശീയ ക്ഷയരോഗ നിർമാർജന പരിപാടിക്കു പിന്തുണയുമായി മുൻനിര ആരോഗ്യസേവന ദാതാക്കളായ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഗ്രൂപ്പ്. പദ്ധതിയിലേക്ക് സംഭാവന നൽകുന്നതുമായി ബന്ധപ്പെട്ട കോർപ്പറേറ്റ് ടിബി പ്രതിജ്ഞയിൽ ആസ്റ്റർ ഗ്രൂപ്പ് ഒപ്പുവച്ചു.

2030 ലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് അഞ്ചു വർഷം മുമ്പുതന്നെ ക്ഷയരോഗം ഇന്ത്യയിൽ നിന്ന് തുടച്ചു നീക്കപ്പെടണമെന്നാണ് ക്ഷയരോഗ നിർമാർജന പരിപാടിയിലൂടെ പ്രധാനമന്ത്രി വിഭാവനം ചെയ്തിരിക്കുന്നത്.

വയനാട്, ഇടുക്കി ജില്ലകളിലാണ് പദ്ധതിക്ക് തുടക്കം കുറിക്കുക. ഇതിനായി ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സെന്ററിൽ ഡിആർടിബി ക്ലിനിക്കുകൾ തുടങ്ങും.

ക്ഷയരോഗ നിർമാർജനത്തിനായി എക്കാലവും മാതൃകാപരമായ ഇടപെടലാണ് ആസ്റ്റർ നടത്തിയിട്ടുള്ളതെന്ന് ചടങ്ങിൽ സംസാരിച്ച ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സ്ഥാപക ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ ഇൻഫെക്ഷ്യസ് ഡിസീസസ് ആൻഡ് ഇൻഫെക്ഷൻ കൺട്രോൾ വിഭാഗം കൺസൾട്ടന്റ് ഡോ. അനൂപ് ആർ.വാര്യർ, ആസ്റ്റർ മിംസ് കോഴിക്കോട് പൾമണോളജി വിഭാഗം മേധാവി ഡോ. മധു കല്ലത്ത്, ആസ്റ്റർ മിംസ് സിഒഒ ലുക്മാൻ പൊന്മാടത്ത്, കോഴിക്കോട് ഡിഎംഒ ഡോ. ഉമ്മർ ഫാറൂഖ്, ജില്ലാ ടിബി ഓഫീസർ ഡോ. അനുരാധ ടി.സി, സ്ട്രാറ്റജിക് പാർട്ണർഷിപ്പ്സ് സീനിയർ അഡ്വൈസർ അരവിന്ദ് കുമാർ, ഡോ. രാകേഷ് പി.എസ് എന്നിവർ പ്രസംഗിച്ചു.

കോർപറേറ്റ് ടിബി പ്രതിജ്ഞയിൽ ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സ്ഥാപക ചെയർമാനും മാനേജിങ് ഡയറക്ടറുമായ ആസാദ് മൂപ്പൻ ഒപ്പുവച്ചപ്പോൾ.

Mathrubhumi Page 12



ടിബി എലിമിനേഷൻ പ്രോഗ്രാമിന് പിന്തുണയുമായി ആസ്റ്റർ ഗ്രൂപ്പ്

കോഴിക്കോട് ● ക്ഷയരോഗ നിർമാർജനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ച നാഷനൽ ടിബി എലിമിനേഷൻ പ്രോഗ്രാമിന് പിന്തുണയുമായി ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഗ്രൂപ്പ്.

വയനാട്, ഇടുക്കി ജില്ലകളിൽ 2 വർഷത്തെ കമ്യൂണിറ്റി സ്ക്രീനിങ് പ്രോഗ്രാം നടത്തും. ആദിവാസി വിഭാഗത്തിലെ ജനങ്ങൾക്ക് പ്രത്യേക മുൻഗണന നൽകും.

ഡിആർ–ടിബി രോഗികൾക്ക് ഗുണമേന്മയുള്ള ആരോഗ്യപരിചരണം നൽകുന്നതിനായി ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സെന്ററിൽ ഡിആർ–ടിബി ക്ലിനിക്കുകൾ ആരംഭിക്കുമെന്ന് സ്ഥാപക ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

ഡോ. അനുപ് ആർ വാരിയർ, ഡോ. മധു, സിഒഒ ലുക്മാൻ പൊന്മാടത്ത്, ഡിഎംഒ ഡോ. ഉമ്മർ ഫറോക്ക്, ജില്ലാ ടിബി ഓഫിസർ ഡോ. അനുരാധ എന്നിവർ പ്രസംഗിച്ചു.

Malayala Manorama Page 14

Siraj Page 3



കോർപറേറ്റ് ടി ബി പ്രതിജ്ഞയിൽ ഒപ്പുവച്ച് ആസ്റ്റർ ഡി എം ഹെൽത്ത്കെയർ

കോഴിക്കോട് | ക്ഷയരോഗ വിമുക്ത ഇന്ത്യക്കായി പ്രധാനമന്ത്രി പ്രഖ്യാപിച്ച കോർപറേറ്റ് ടി ബി പ്രതിജ്ഞയിൽ ഒപ്പുവച്ച് ആസ്റ്റർ ഡി എം ഹെൽത്ത്കെയർ. 2030ലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് അഞ്ച് വർഷം മുമ്പ് ക്ഷയരോഗം ഇന്ത്യയിൽ നിന്ന് തുടച്ചു നീക്കപ്പെടണം എന്നാണ് ടി ബി എലിമിനേഷൻ പ്രോഗ്രാമിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്.

പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പരിമിതമായ വൈദ്യസഹായം ലഭിക്കുന്ന മേഖലകളിൽ രണ്ട് വർഷത്തെ കമ്മ്യൂനിറ്റി സ്ക്രീനിംഗ് പ്രോഗ്രാം നടത്തും. വയനാട്, ഇടുക്കി ജില്ലകളിലാണ് ഇതിന് തുടക്കം കുറിക്കുക. ആദിവാസി വിഭാഗത്തിലെ ജനങ്ങൾക്ക് പ്രത്യേക മുൻഗണന നൽകും.

ഡി ആർ- ടി ബി രോഗികൾക്ക് ഗുണമേന്മയുള്ള ആരോഗ്യപരിചരണം നൽകുന്നതിന് ആസ്റ്റർ ഡി എം ഹെൽത്ത് കെയർ സെന്ററിൽ ഡി ആർ- ടി ബി ക്ലിനിക്കുകൾ ആരംഭിക്കുകയും ചെയ്യും.

ആസ്റ്റർ ഡി എം ഹെൽത്ത്കെയർ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ, ഇൻഫെക്ഷ്യസ് ഡിസീസസ് ആൻഡ് ഇൻഫെക്ഷൻ കൺട്രോൾ വിഭാഗം കൺസൾട്ടന്റ് ഡോ. അനുപ് ആർ വാര്യർ, ആസ്റ്റർ മിംസ് കോഴിക്കോട് പൾമണോളജി വിഭാഗം മേധാവി ഡോ. മധു കല്ലത്ത്, ആസ്റ്റർ മിംസ് സി ഒ ഒ ലുഖ്മാൻ പൊന്മാടത്ത്, കോഴിക്കോട് ഡി എം ഒ ഡോ. ഉമർ ഫാറൂഖ്, ജില്ലാ ടി ബി ഓഫീസർ ഡോ. അനുരാധ ടി സി, സ്ട്രാറ്റജി



കോർപ്പറേറ്റ് ടിബി പ്രതിജ്ഞയിൽ ഒപ്പുവച്ച് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ

കോഴിക്കോട്: 2025ഓടെ രാജ്യത്ത് ക്ഷയരോഗം നിർമാർജനം ചെയ്യുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ച നാഷണൽ ടിബി എലിമിനേഷൻ പ്രോഗ്രാമിന് പിന്തുണയുമായി മുൻനിര ആരോഗ്യസേവനദാതാക്കളായ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഗ്രൂപ്പ്. പദ്ധതിയിലേക്കു സംഭാവന നൽകുന്നതുമായി ബന്ധപ്പെട്ട കോർപ്പറേറ്റ് ടിബി പ്രതിജ്ഞയിൽ ആസ്റ്റർ ഗ്രൂപ്പ് ഒപ്പുവച്ചു.

2030ലെ സുസ്ഥിര വികസനലക്ഷ്യങ്ങൾക്ക് അഞ്ചുവർഷം മുമ്പ്, ക്ഷയരോഗം ഇന്ത്യയിൽനിന്നു തുടച്ചുനീക്കപ്പെടണം എന്നാണ് ടിബി എലിമിനേഷൻ പ്രോഗ്രാമിലൂടെ പ്രധാനമന്ത്രി വിഭാവനം ചെയ്തിരിക്കുന്നത്.

ഈ ലക്ഷ്യം കൈവരിക്കാൻ ആവശ്യമായ സുപ്രധാന പദ്ധതികളുടെ പ്രഖ്യാപനവും പ്രതിജ്ഞയിൽ ഒപ്പുവച്ച ചടങ്ങിൽ ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ നടത്തി. കേരളത്തിൽ പരിമിതമായ വൈദ്യസഹായം ലഭിക്കുന്ന മേഖലകളിൽ രണ്ടു വർഷത്തെ കമ്മ്യൂണിറ്റി സ്ക്രീനിങ് പ്രോഗ്രാം നടത്തും. വയനാട്, ഇടുക്കി ജില്ലകളിലാണ് ഇതിനു തുടക്കം കുറിക്കുക. ആദിവാസി വിഭാഗത്തിലെ ജനങ്ങൾക്ക് പ്രത്യേക മുൻഗണന നൽകും. ഡിആർ–ടിബി രോഗികൾക്ക് ഗുണമേന്മയുള്ള ആരോഗ്യപരിചരണം നൽകുന്നതിനായി ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സെന്ററിൽ ഡിആർ–ടിബി ക്ലിനിക്കുകൾ ആരംഭിക്കും. ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ ദൃശ്യ–സാമൂഹികമാധ്യമ പ്ലാറ്റ്ഫോമുകളിലൂടെ ആനുകാലിക കമ്മ്യൂണിറ്റി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും. അതോടൊപ്പം ദക്ഷിണേന്ത്യയിലുടനീളമുള്ള ആസ്റ്റർ ഫാർമസികൾ വഴി ടിബി നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കും.

ക്ഷയരോഗ നിർമാർജനത്തിനായി എക്കാലവും മാതൃകാപരമായ ഇടപെടലാണ് ആസ്റ്റർ നടത്തിയിട്ടുള്ളത് എന്ന് ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സ്ഥാപക ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

കേന്ദ്ര സർക്കാർ ആരംഭിച്ച കോർപ്പറേറ്റ് ടിബി പ്രതിജ്ഞയുമായി കൈകോർക്കുന്നതിലൂടെ, നിലവിലുള്ള ആസ്റ്റർ സ്റ്റെപ്സ് സെന്ററുകളെ മാതൃകാ പഠനകേന്ദ്രങ്ങളാക്കി വികസിപ്പിക്കാനും ഇന്ത്യയിലെ ക്ഷയരോഗ പരിചരണത്തിന്റെ നിലവാരം ഉയർത്താൻ, കോർപ്പറേറ്റ് ആശുപത്രികളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്റ്റെപ്സ് ഉച്ചക്കോടികൾ സംഘടിപ്പിക്കാൻ ആസ്റ്റർ പദ്ധതിയിടുന്നതായും ആസാദ് മൂപ്പൻ വ്യക്തമാക്കി.

ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപക ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ, ഇൻഫെക്ഷ്യസ് ഡിസീസസ് ഇൻഫെക്ഷൻ കൺട്രോൾ വിഭാഗം കൺസൾട്ടന്റ് ഡോ. അനൂപ് ആർ. വാര്യർ, ആസ്റ്റർ മിംസ് കോഴിക്കോട് പൾമണോളജി വിഭാഗം മേധാവി ഡോ. മധു കല്ലത്ത്, ആസ്റ്റർ മിംസ് സി.ഒ.ഒ. ലുക്മാൻ പൊന്മാടത്ത്, കോഴിക്കോട് ഡി.എം.ഒ ഡോ. ഉമ്മർ ഫറോക്ക്, ജില്ലാ ടിബി ഓഫീസർ ഡോ. ടി.സി. അനുരാധ, സ്ട്രാറ്റജിക് പാർട്ണർഷിപ്പ്സ് സീനിയർ അഡ്വൈസർ അരവിന്ദ് കുമാർ, ഡോ. പി.എസ്. രാകേഷ്, യു.എസ്.എ.ഐ.ഡി ഇന്ത്യ, ആഭ സെൻട്രൽ ടിബി ഡിവിഷൻ, ടിബി യൂണിയൻ പ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

● നാഷണൽ ടിബി എലിമിനേഷൻ പ്രോഗ്രാം പദ്ധതിയിലേക്ക് സംഭാവന നൽകുന്നതുമായി ബന്ധപ്പെട്ട കോർപ്പറേറ്റ് ടിബി പ്രതിജ്ഞയിൽ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപക ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ ഒപ്പുവച്ചപ്പോൾ.

MAGZTER

Mangalam Daily

Clipped from - Mangalam Daily Kozhikodu - September 20, 2022
Read it digitally on the Magzter app



ചന്ദ്രിക

നാഷണൽ ടി.ബി എലിമിനേഷൻ പ്രോഗ്രാമിന്റെ ഭാഗമായുള്ള കോർപ്പറേറ്റ് ടിബി പ്രതിജ്ഞാ രേഖ ആസ്റ്റർ ഗ്രൂപ്പ് ചെയർമാൻ ഡോ. ആസാദ് മൂപ്പൻ കോഴിക്കോട് ജില്ലാ ടി.ബി ഓഫീസർ ഡോ. അനുരാധക്ക് കൈമാറുന്നു

Chandrika Edition
Sep 20, 2022 Page No. 6
Powered by : eReleGo.com

Janayugam Page 3



കോർപ്പറേറ്റ് ടിബി പ്രതിജ്ഞയിൽ ഒപ്പുവച്ച് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ

കോഴിക്കോട്: 2025 ഓടെ രാജ്യത്ത് ക്ഷയരോഗം നിർമാർജനം ചെയ്യുന്നതിനായി പ്രധാനമന്ത്രി പ്രഖ്യാപിച്ച നാഷണൽ ടിബി എലിമിനേഷൻ പ്രോഗ്രാമിന് പിന്തുണയുമായി ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഗ്രൂപ്പ്.

പദ്ധതിയിലേക്ക് സംഭാവന നൽകുന്നതുമായി ബന്ധപ്പെട്ട കോർപ്പറേറ്റ് ടിബി പ്രതിജ്ഞയിൽ ആസ്റ്റർ ഗ്രൂപ്പ് ഒപ്പുവച്ചു. പരിമിതമായ വൈദ്യസഹായം ലഭിക്കുന്ന മേഖലകളിൽ രണ്ട് വർഷത്തെ കമ്മ്യൂണിറ്റി സ്ക്രീനിംഗ് പ്രോഗ്രാം നടത്തും. വയനാട്, ഇടുക്കി ജില്ലകളിലാണ് ഇതിന് തുടക്കം

യി ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സെന്ററിൽ ഡിആർടിബി ക്ലിനിക്കുകൾ ആരംഭിക്കുകയും ചെയ്യും.

ആസാദ് മൂപ്പൻ, ഡോ. അനുപ് ആർ വാര്യർ, ഡോ. മധു കല്ലത്ത്, ലുക്മാൻ പൊന്മാടത്ത്, ഡോ. ഉമ്മർ ഫറോക്ക്, ഡോ. അന

കോർപ്പറേറ്റ് ടിബി പ്രതിജ്ഞയിൽ ആസ്റ്റർ ഗ്രൂപ്പ് ഒപ്പുവെച്ചപ്പോൾ



ചന്ദ്രിക

കോർപ്പറേറ്റ് ടിബി പ്രതിജ്ഞയിൽ ഒപ്പുവച്ചു

കോഴിക്കോട്: 2025 ഓടെ രാജ്യത്ത് ക്ഷയരോഗം നിർമാർജനം ചെയ്യുന്നതിനായി പ്രധാനമന്ത്രി പ്രഖ്യാപിച്ച നാഷണൽ ടി.ബി എലിമിനേഷൻ പ്രോഗ്രാമിന് പിന്തുണയുമായി ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഗ്രൂപ്പ്. പദ്ധതിയിലേക്ക് സംഭാവന നൽകുന്നതുമായി ബന്ധപ്പെട്ട കോർപ്പറേറ്റ് ടിബി പ്രതിജ്ഞയിൽ ആസ്റ്റർ ഗ്രൂപ്പ് ഒപ്പുവച്ചു. ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ, ഡോ. അനുപ് ആർ വാര്യർ, ഡോ. മധു കല്ലത്ത്, ആസ്റ്റർ മിംസ് സി.ഒ.ഒ ലുക്മാൻ പൊന്മാടത്ത്, കോഴിക്കോട് ഡി.എം.ഒ ഡോ. ഉമ്മർ ഫറോക്ക്, ജില്ലാ ടി.ബി ഓഫീസർ ഡോ. അനുരാധ ടി.സി, സ്ട്രാറ്റജിക് പാർട്ണർഷിപ്പ്സ് സീനിയർ അഡ്വൈസർ അരവിന്ദ് കുമാർ, ഡോ. രാകേഷ് പി.എസ്, യുഎസ്എഐഡി, ഇന്ത്യ, ബി.എച്ച് സെൻട്രൽ ടിബി ഡിവിഷൻ, ടിബി യൂണിയൻ പ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

Chandrika Edition
Sep 20, 2022 Page No. 6
Powered by : eReleGo.com



മെട്രോ വാർത്ത

ക്ഷയരോഗ വിമുക്ത ഇന്ത്യ; പ്രതിജ്ഞയിൽ ഒപ്പുവച്ച് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ

കോഴിക്കോട്: 2025ഓടെ രാജ്യത്ത് ക്ഷയരോഗം നിർമാർജനം ചെയ്യുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ച നാഷണൽ ടിബി എലിമിനേഷൻ പ്രോഗ്രാമിന് പിന്തുണയുമായി ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഗ്രൂപ്പ്. പദ്ധതിയിലേക്ക് സംഭാവന നൽകുന്നതുമായി ബന്ധപ്പെട്ട കോർപ്പറേറ്റ് ടിബി പ്രതിജ്ഞയിൽ ആസ്റ്റർ ഗ്രൂപ്പ് ഒപ്പുവച്ചു.

2030ലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് അഞ്ചുവർഷം മുമ്പ്, ക്ഷയരോഗം ഇന്ത്യയിൽ നിന്ന് തുടച്ചു നീക്കപ്പെടണമെന്നാണ് ടിബി എലിമിനേഷൻ പ്രോഗ്രാമിലൂടെ പ്രധാനമന്ത്രി വിഭാവനം ചെയ്തിരിക്കുന്നത്. ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ ആവശ്യമായ സുപ്രധാന പദ്ധതികളുടെ പ്രഖ്യാപനവും, പ്രതിജ്ഞയിൽ ഒപ്പുവച്ച ചടങ്ങിൽ ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ നടത്തി. കേരളത്തിൽ പരിമിതമായ വൈദ്യസഹായം ലഭിക്കുന്ന മേഖലകളിൽ രണ്ട് വർഷത്തെ കമ്യൂണിറ്റി സ്ക്രീനിങ് പ്രോഗ്രാം നടത്തും. വയനാട്, ഇടുക്കി ജില്ലകളിലാണ് ഇതിന് തുടക്കം കുറിക്കുക.

ആദിവാസി വിഭാഗത്തിലെ ജനങ്ങൾക്ക് പ്രത്യേക മുൻഗണന നൽകും. ഡിആർ-ടിബി രോഗികൾക്ക് ഗുണമേന്മയുള്ള ആരോഗ്യപരിചരണം നൽകുന്നതിനായി ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സെന്ററിൽ ഡിആർ-ടിബി ക്ലിനിക്കുകൾ ആരംഭിക്കും. ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ ദൃശ്യ- സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമുകളിലൂടെ ആനുകാലിക കമ്യൂണിറ്റി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കും. അതോടൊപ്പം ദക്ഷിണേന്ത്യയിലുടനീളമുള്ള ആസ്റ്റർ ഫാർമസികൾ വഴി ടിബി നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കും.

2017 മുതൽ ക്ഷയരോഗ പരിപാലനരംഗത്ത് സജീവമായി ഇടപെടുന്ന സ്ഥാപനമാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ എന്ന് ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സ്ഥാപക ചെയർമാനും മാനെജിങ് ഡയറക്റ്ററുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. ഇന്ത്യൻ സ്റ്റാൻഡേർഡ് ഓഫ് ടിബി കെയറിന്റെ മാനദണ്ഡങ്ങളനുസരിച്ച് രോഗികളെ പരിപാലിക്കുന്നതിനായി ടിബി മാനെജ്മെന്റ് സിസ്റ്റം (ആസ്റ്റർ സ്റ്റെപ്സ് സെന്റർ) നടപ്പിലാക്കിയിരുന്നു. ഈ ഏകജാലക സംവിധാനത്തിലൂടെ ക്ഷയരോഗ ചികിത്സയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ സ്വകാര്യ ആശുപത്രികളിലൂടെ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്. കേന്ദ്രസർക്കാർ ആരംഭിച്ച കോർപ്പറേറ്റ് ടിബി പ്രതിജ്ഞയുമായി കൈകോർക്കുന്നതിലൂടെ, നിലവിലുള്ള ആസ്റ്റർ സ്റ്റെപ്സ് സെന്ററുകളെ മാതൃകാ പഠന കേന്ദ്രങ്ങളാക്കി വികസിപ്പിക്കാനും, ഇന്ത്യയിലെ ക്ഷയരോഗ പരിചരണത്തിന്റെ നിലവാരമുയർത്താൻ, കോർപ്പറേറ്റ് ആശുപത്രികളെ പ്രോത്സാഹിപ്പിക്കുന്നതിനായി 'സ്റ്റെപ്സ് ഉച്ചക്കോടികൾ' സംഘടിപ്പിക്കാൻ പദ്ധതിയുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

ടിബി എന്ന പകർച്ചവ്യാധിയെ ഇന്ത്യയിൽ നിന്ന് തുടച്ചുനീക്കാനുള്ള ആരോഗ്യമന്ത്രാലയത്തിന്റെ ശ്രമങ്ങളെ പിന്തുണയ്ക്കുന്നതിലൂടെ, രാജ്യത്തോടുള്ള ആസ്റ്ററിന്റെ പ്രതിബദ്ധത വീണ്ടും ഊട്ടിയുറപ്പിക്കുകയാണെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഇൻഫെക്ഷ്യസ് ഡിസീസസ് ആൻഡ് ഇൻഫെക്ഷൻ കൺട്രോൾ വിഭാഗം കൺസൾട്ടന്റ് ഡോ. അനൂപ് ആർ. വാര്യർ പറഞ്ഞു.

കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച ഗ്ലോബൽ ടിബി റിപ്പോർട്ടനുസരിച്ച്, 2020ൽ ലോകത്ത് 9.9 ദശലക്ഷം ആളുകളാണ് ക്ഷയരോഗബാധിതരായത്. ആകെ രോഗികളുടെ 26 ശതമാനം പേരും ഇന്ത്യയിലാണ്. 2019ൽ ആഗോളതലത്തിൽ 1.4 ദശലക്ഷം മനുഷ്യരാണ് ടിബി രോഗത്താൽ മരിച്ചത്. അതിൽ 31 ശതമാനം മരണവും ഇന്ത്യയിലാണ്. ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും, യുണൈറ്റഡ് സ്റ്റേറ്റ്സ് ഏജൻസി ഫോർ ഇന്റർനാഷണൽ ഡെവലപ്മെന്റും സംയുക്തമായി 2019ലാണ് കോർപ്പറേറ്റ് ടിബി പ്രതിജ്ഞ പദ്ധതി അവതരിപ്പിച്ചത്. ദി ഇന്റർനാഷണൽ യൂണിയൻ എഗെയിൻസ്റ്റ് ട്യൂബർകുലോസിസ് ആൻഡ് ലങ് ഡിസീസസ് ആണ് പദ്ധതിക്ക് ചുക്കാൻ പിടിക്കുന്നത്.

ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപക ചെയർമാനും മാനെജിങ് ഡയറക്റ്ററുമായ ഡോ. ആസാദ് മൂപ്പൻ, ഇൻഫെക്ഷ്യസ് ഡിസീസസ് & ഇൻഫെക്ഷൻ കൺട്രോൾ വിഭാഗം കൺസൾട്ടന്റ് ഡോ. അനൂപ് ആർ. വാര്യർ, ആസ്റ്റർ മിംസ് കോഴിക്കോട് പൾമണോളജി വിഭാഗം മേധാവി ഡോ. മധു കല്ലത്ത്, ആസ്റ്റർ മിംസ് സിഒഒ ലുക്മാൻ പൊന്മാടത്ത്, കോഴിക്കോട് ഡിഎംഒ ഡോ. ഉമ്മർ ഫറോക്ക്, ജില്ലാ ടിബി ഓഫിസർ ഡോ. ടി.സി. അനുരാധ, സ്ട്രാറ്റജിക് പാർട്ണർഷിപ്സ് സീനിയർ അഡ്വൈസർ അരവിന്ദ് കുമാർ, ഡോ. പി.എസ്. രാകേഷ്, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

നാഷണൽ ടിബി എലിമിനേഷൻ പദ്ധതിയിലേക്ക് സംഭാവന നൽകുന്നതുമായി ബന്ധപ്പെട്ട് കോർപ്പറേറ്റ് ടിബി പ്രതിജ്ഞയിൽ ആസ്റ്റർ ഗ്രൂപ്പ് ഒപ്പുവച്ച ധാരണാപത്രം ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപക ചെയർമാനും മാനെജിങ് ഡയറക്റ്ററുമായ ഡോ. ആസാദ് മൂപ്പൻ, ജില്ലാ ടിബി ഓഫിസർ ഡോ. ടി.സി. അനുരാധയ്ക്ക് കൈമാറുന്നു. ലുക്മാൻ പൊന്മാടത്ത്, ഡോ. ഉമ്മർ ഫറോക്ക്, ഡോ. അനൂപ് ആർ. വാര്യർ, ഡോ. മധു കല്ലത്ത്, അരവിന്ദ് കുമാർ, ഡോ. പി.എസ്. രാകേഷ് തുടങ്ങിയവർ സമീപം

Ernakulam Edition
Sep 20, 2022 Page No. 11
Powered by : eReleGo.com



▸ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ച നാഷണൽ ടിബി എലിമിനേഷൻ പ്രോഗ്രാമിന് പിന്തുണ നൽകിക്കൊണ്ട് ഒപ്പുവച്ച കോർപ്പറേറ്റ് ടിബി പ്രതിജ്ഞ ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ ഗ്രൂപ്പ് ചെയർമാൻ ജില്ല ടിബി ഓഫീസർ ഡോ. ടി.സി. അനുരാധക്ക് കൈമാറുന്നു

ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ

Janmabhumi



News Kerala Malayalam Daily Kkd
Tuesday 2022 September 20

ക്ഷയരോഗ വിമുക്ത ഇന്ത്യക്കായുള്ള കോർപ്പറേറ്റ് പ്രതിജ്ഞയിൽ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഒപ്പുവെച്ചു

News Kerala Daily